**ഭരണഭാഷ– മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
**ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം – 695033**
**ഫോൺ/ഫാക്സ്: 0471–2305318/0471–2305317**
**ഇ–മെയിൽ: ecostatdir@gmail.com**
**Website: www.ecostat.kerala.gov.in**

**നം: DES/3661/2022/EA2** **തീയതി: 11/11/2022**

---

## സർക്കുലർ

വിഷയം:– ഡിഇഎസ്– 2023 വർഷത്തെ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി ഹയർ, ലോവർ – യോഗങ്ങൾ ചേരുന്നത് – സംബന്ധിച്ച്

സൂചന:– 1. ഈ ആഫീസിലെ 30/09/2022 ലെ ഇതേ നമ്പർ സർക്കുലർ
2. ഈ ആഫീസിലെ 11/10/2022 ലെ ഡിഇഎസ്/3662/2022–ഇഎ–2 നമ്പർ സർക്കുലർ

2023 വർഷത്തെ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (ഡിപിസി) ഹയർ, ലോവർ യോഗങ്ങൾ അടിയന്തിരമായി ചേരേണ്ടതുണ്ട്. ആയതിനാൽ ഡിപിസി ഹയർ, ലോവർ തസ്തികകളിലെ ഫീൽഡ് ഓഫ് ചോയിസ് ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും 2019, 2020, 2021 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കണമെന്ന് ഈ ആഫീസിലെ 30/09/2022 ലെ ഇതേ നമ്പർ സർക്കുലർ പ്രകാരം അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെയും ആയത് പൂർണ്ണമായി ലഭ്യമായിട്ടില്ല . ഈ സാഹചര്യത്തിൽ ഡിപിസി ഹയർ, ലോവർ തസ്തികകളിലെ ഫീൽഡ് ഓഫ് ചോയിസ് ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും 2019, 2020, 2021 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ **15/11/2022** തീയതിയ്ക്കകം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച തീയതിയ്ക്കകം മുഴുവൻ കാലയളവിലേയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത ഉദ്യോഗസ്ഥന്മാരെ ഇനിയൊരു അറിയിപ്പും കൂടാതെ ഡിപിസി യുടെ ഫീൽഡ് ഓഫ് ചോയ്സ് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമാക്കാത്തതിന് തുടർനടപടികൾ സ്വീകരിക്കുന്നതും ആയിരിക്കും എന്നുള്ള വിവരം

അറിയിക്കുന്നു. ആയതിനാൽ ഉദ്യോഗസ്ഥന്മാർ മേൽ സൂചിപ്പിച്ച തീയതിയ്ക്കകം തന്നെ മുഴുവൻ കാലയളവിലേയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ മേൽ സൂചന സർക്കുലറുകളിലെ നിർദ്ദേശത്തിനനുസൃതമായി ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

Signature valid

Digitally signed by Nipun Joseph
Date: 2022.11.11 14:11:10 IST
Reason: Approved

**SENIOR ADMINISTRATIVE OFFICER**
**ഡയറക്ടർക്കു വേണ്ടി**

പകർപ്പ്:-

1. ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ മേധാവികൾക്കും
2. ലൈൻ ഡിപ്പാർട്ട്മെന്റിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾക്ക് (ഇമെയിൽ മുഖാന്തിരം)
3. ജില്ലാതല ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (ജില്ലയിലെ എല്ലാ ആഫീസർമാരേയും അറിയിക്കുന്നതിലേക്കായി)
4. ഡെപ്യൂട്ടി ഡയറക്ടർ കമ്പ്യൂട്ടർ വിഭാഗം (വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി
5. ഫയൽ/സൂക്ഷിപ്പ് ഫയൽ